**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 48** **22-02-2022 - ൽ മറുപടിയ്ക്ക്**

**പുതിയ അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററും ആണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തിരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവ ഉൾപ്പടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | അരൂർ മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങളുടെ പേരുവിവരം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ? | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | അക്ഷയ സെന്റർ കോഡ് | പഞ്ചായത്ത് | അക്ഷയ ലൊക്കേഷൻ |
|---|---|---|---|
| 1 | ALP 152 | അരൂർ | അരൂർ പള്ളി ജംഗ്ഷൻ |
| 2 | ALP 153 | അരൂർ | കെൽട്രോൺ ജംഗ്ഷൻ |
| 3 | ALP 154 | അരൂർ | ചന്തിരൂർ ജംഗ്ഷൻ |
| 4 | ALP155 | എഴുപുന്ന | എരമല്ലൂർ ജംഗ്ഷൻ |
| 5 | ALP 156 | എഴുപുന്ന | ശ്രീനാരായണപുരം |
| 6 | ALP 157 | എഴുപുന്ന | എഫ്.സി.കോൺവെന്റ് റീജിയൻ |
| 7 | ALP 160 | കോടംതുരുത്ത് | കുത്തിയതോട് ജംഗ്ഷൻ |
| 8 | ALP 161 | കോടംതുരുത്ത് | വട്ടക്കാൽ മുക്ക്, വല്ലേത്തോട് |
| 9 | ALP 162 | കുത്തിയതോട് | നാലുകുളങ്ങര |
| 10 | ALP 163 | കുത്തിയതോട് | പഞ്ചായത്ത് ഓഫീസിന് സമീപം |
| 11 | ALP 167 | തുറവൂർ | വെസ്റ്റ് മനക്കോടം |
| 12 | ALP 168 | തുറവൂർ | പഞ്ചായത്ത് ഓഫീസ് |
| 13 | ALP 169 | തുറവൂർ | വളമംഗലം |
| 14 | ALP173 | അരൂക്കുറ്റി | കൊമ്പനാമുറി |
| 15 | ALP 174 | അരൂക്കുറ്റി | വടുതല ജംഗ്ഷൻ |
| 16 | ALP 175 | ചേന്നംപള്ളിപ്പുറം | തിരുനല്ലൂർ |
| 17 | ALP176 | ചേന്നംപള്ളിപ്പുറം | ഒറ്റപ്പുന്ന |
| 18 | ALP 177 | ചേന്നംപള്ളിപ്പുറം | പള്ളിച്ചന്ത |
| 19 | ALP 178 | പാണാവള്ളി | പഞ്ചായത്ത് ഓഫീസ് |
| 20 | ALP 179 | പാണാവള്ളി | പെരുമ്പളം ജംഗ്ഷൻ |
| 21 | ALP 180 | പാണാവള്ളി | പൂച്ചാക്കൽ ടൌൺ |
| 22 | ALP181 | പെരുമ്പളം | അരയൻകുളങ്ങര |
| 23 | ALP 182 | തൈക്കാട്ടുശ്ശേരി | പൂച്ചാക്കൽ ടൌൺ |
| 24 | ALP 183 | തൈക്കാട്ടുശ്ശേരി | തൈക്കാട്ടുശ്ശേരി |